**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇ – ഓഫീസ് സംവിധാനത്തിന്റെയും cmo.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ബഹു. മുഖ്യമന്ത്രിയ്ക്ക് ലഭിക്കുന്ന e - petitions കൈകാര്യം ചെയ്യുന്നതിനുമുള്ള നോഡൽ ഓഫീസറുടെ ചുമതലകളിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയെ സഹായിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ ( ഐ.എ) വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ അരവിന്ദ്. ബി. എസിനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (പി.എസ് ) വകുപ്പ്

സ.ഉ (സാ) നം. 2731/ 2016 / തസ്വഭവ  തിരുവനന്തപുരം, തീയതി, 24. 09. 2016

പരാമർശം :- 1) സ.ഉ (സ) നം. 2525/2016/ത.സ്വ.ഭ.വ, തീയതി 26. 08. 2016
2) സ.ഉ (സ) നം. 2540/2016/ത.സ്വ.ഭ.വ, തീയതി 27. 08. 2016
3) ശ്രീ വി.ആർ. ദിലീപ് കുമാർ, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് 06. 09. 2016 ൽ സമർപ്പിച്ച നിവേദനം

**<u>ഉത്തരവ്</u>**

ഈ വകുപ്പിലെ ഇ – ഓഫീസ്സ് വിധാനത്തിന്റെ നോഡൽ ഓഫീസറായി പരാമർശം 1 ലെ സർക്കാർ ഉത്തരവ് മുഖേനയും cmo.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ബഹു. മുഖ്യമന്ത്രിയ്ക്ക് ലഭിക്കുന്ന e - petitions കൈകാര്യം ചെയ്യുന്നതിനുമുള്ള നോഡൽ ഓഫീസറായി പരാമർശം 2 ലെ സർക്കാർ ഉത്തരവ് മുഖേനയും ശ്രീ. വി.ആർ. ദിലീപ് കുമാർ, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് -നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) വ്യക്തി പരമായ അസൗകര്യവും/ കമ്പ്യൂട്ടറിലും e- office സംവിധാനത്തിലുമുള്ള പരിചയ കുറവും പരിഗണിച്ച് അടിയന്തിര ഘട്ടങ്ങളിൽ ടി ജോലിയിൽ സഹായിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ ( ഐ.എ) വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ അരവിന്ദ്. ബി. എസ്സിന്റെ സേവനം ലഭ്യമാക്കണമെന്ന് പരാമർശം 3 ലെ നിവേദന പ്രകാരം ശ്രീ. വി.ആർ. ദിലീപ് കുമാർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) മേൽ സാഹചര്യത്തിൽ, ഈ വകുപ്പിലെ e - office സംവിധാനത്തിന്റെയും cmo.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ബഹു. മുഖ്യമന്ത്രിയ്ക്ക് ലഭിക്കുന്ന e - petitions കൈകാര്യം ചെയ്യുന്നതിനുമുള്ള നോഡൽ ഓഫീസറുടെ ചുമതലകളിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയായ ശ്രീ. വി.ആർ. ദിലീപ് കുമാറിനെ സഹായിക്കാനായി തദ്ദേശ സ്വയം ഭരണ ( ഐ.എ) വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ അരവിന്ദ്. ബി. എസിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.ശ്രീകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി.ആർ. ദിലീപ് കുമാർ, അഡീഷണൽ സെക്രട്ടറി , തദ്ദേശ സ്വയം ഭരണ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ശ്രീ അരവിന്ദ്. ബി. എസ്, സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയം ഭരണ ( ഐ.എ) വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ